യു.ഡി.എഫ്. ധർണ്ണ

97 (98) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷം നേതാവിന്റേയും നിയമസഭാകക്ഷി നേതാക്കളുടേയും യു.ഡി.എഫ്. കൺവീനറുടേയും നേതൃത്വത്തിൽ 2000 ഫെബ്രുവരി 3-ാംതീയതി സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിനു മുമ്പിൽ ധർണ്ണ നടത്തുവാൻ പോയ പ്രതിപക്ഷ എം.എൽ.എമാരുടേയും എം.പി.മാരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിപക്ഷപ്രതിനിധികളുടേയും ജാഥയെ പോലീസ് തടഞ്ഞുവോ ; എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ജാഥ തടഞ്ഞത് ;

(ബി) പ്രസ്തുത ജാഥയെ തടഞ്ഞതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജാഥയിൽ പങ്കെടുത്ത ആരെല്ലാം പോലീസ് ലാത്തി പ്രയോഗത്തിന് വിധേയമായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസ് പ്രവർത്തനം തടസ്സപ്പെടുത്തുന്നത് ഇല്ലാതാക്കുന്നതിനുവേണ്ടി ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലെവച്ച് കേരളാ പോലീസ് ആക്ട് പ്രകാരം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നിയമാനുസൃത ഉത്തരവ് അനുസരിച്ചാണ് യു.ഡി.എഫ് നേതാക്കളുടെ ജാഥ പോലീസ് തടഞ്ഞത്.

(ബി) യു.ഡി.എഫ്. നേതൃത്വത്തിലുള്ള ജാഥ നടത്തുന്നതിന് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലംവരെ മാത്രമേ അനുവാദം നൽകിയിരുന്നുള്ളു. ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനും മറ്റ് അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാനുമാണ് ജാഥ തടഞ്ഞത്.

(സി) പോലീസ് ലാത്തിപ്രയോഗം നടത്തിയിട്ടില്ല.

പിൻവലിച്ച കേസുകളുടെ എണ്ണം

98 (99) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോടതികളുടെ പരിഗണനയിലിരുന്നതോ കോടതികളിൽ ചാർജ്ജ് ചെയ്തതോ ആയ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ബി) പിൻവലിച്ച കേസുകളെ സംബന്ധിക്കുന്ന ജില്ലാടിസ്ഥാത്തിലുള്ള കണക്ക് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 833 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(ബി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

ജൂഡീഷ്യൽ അന്വേഷണങ്ങളുടെ എണ്ണം

99 (100) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരം ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ച് ജൂഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തി ; അവയിൽ എത്രയെണ്ണത്തിൻമേലുള്ള റിപ്പോർട്ടുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിച്ചു ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചു ; അവയിൽ എൻക്വയറി കമ്മീഷൻ ആക്ട് അനുസരിച്ച് നിയമിക്കപ്പെട്ട കമ്മീഷനുകൾ ഏതെല്ലാമാണ് ;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് ഇപ്പോഴത്തെ പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരം എത്ര ജൂഡീഷ്യൽ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട് ; ഏതെല്ലാം വിഷയം സംബന്ധിച്ചാണ് ഈ ജൂഡീഷ്യൽ അന്വേഷണങ്ങൾ നടത്തിയത് ;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് നടത്തിയിട്ടുള്ള അന്വേഷണങ്ങളിൽ ജൂഡീഷ്യൽ അന്വേഷണങ്ങൾ അല്ലാത്തവ ഏതെന്നും ഈ അന്വേഷണങ്ങൾ നടത്തിയത് ആരാണെന്നും എന്തിനെയെല്ലാം പറ്റിയാണെന്നും പറയുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കെതിരെയുള്ള കേസുകൾ

100 (101) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുടെ മേൽ കോടതി മുമ്പാകെ ക്രിമിനൽ കേസുകൾ നിലനിന്നിരുന്നു ;

(ബി) ആരുടെയെല്ലാം പേരിലാണ് ക്രിമിനൽ കേസ്സുകളുണ്ടായിരുന്നത് ;

(സി) ഏതെല്ലാം കുറ്റങ്ങളാണ് ഇവരുടെമേൽ ചാർജ്ജ് ചെയ്തിരുന്നത് ;

(ഡി) ഈ കേസ്സുകളുടെ ഇന്നത്തെ അവസ്ഥയെന്തെന്ന് അറിയിക്കുമോ ?

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXII

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 98(99) ദയവായി കാണുക]

പിൻവലിച്ച കേസുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക്

തിരുവനന്തപുരം	–	91
കൊല്ലം	–	30
പത്തനംതിട്ട	–	17
ആലപ്പുഴ	–	26
കോട്ടയം	–	65
ഇടുക്കി	–	40
എറണാകുളം	–	41
തൃശ്ശൂർ	–	43
പാലക്കാട്	–	38
മലപ്പുറം	–	124
കോഴിക്കോട്	–	106
വയനാട്	–	17
കണ്ണൂർ	–	173
കാസർഗോഡ്	–	22

അനുബന്ധം XXIII

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 103(104) ദയവായി കാണുക]

1. വലിയമല പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 15/94, അസിസ്റ്റന്റ് സെഷൻസ് കോടതി, നെടുമങ്ങാട്
2. കുണ്ടറ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 227/94, അസിസ്റ്റന്റ് സെഷൻസ് കോടതി, കൊല്ലം
3. പത്തനംതിട്ട പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 578/95, ജെ.എഫ്.എം.സി. 1 പത്തനംതിട്ട
4. പത്തനംതിട്ട പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 592/95, സി.ജെ.എം.സി. പത്തനംതിട്ട
5. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 186/92, സബ് കോടതി.2. കോട്ടയം
6. പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 527/94, ജെ.എഫ്.എം.സി.1. പെരുമ്പാവൂർ
7. മൂവാറ്റുപ്പുഴ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 723/94, ജെ.എഫ്.എം.സി.1. മൂവാറ്റുപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly